വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

(ബി)

1) സർക്കാർ 1998-ൽ പുതിയ വ്യവസായ നയവും ഇൻഫർമേഷൻ ടെക്നോളജി നയവും പ്രഖ്യാപിച്ചു.

2) സംസ്ഥാനത്ത് പുതുതായി തുടങ്ങുന്ന വ്യവസായ യൂണിറ്റുകൾക്ക് മാർജിൻ മണി ലോൺസ്കീം പ്രകാരം നൽകുന്ന മാർജിൻ മണി പരമാവധി ഇപ്പോഴത്തെ ഒരു ലക്ഷം രൂപയിൽ നിന്നും 2.5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. അതോടൊപ്പം മാർജിൻമണി ലോണിന് ഈടാക്കുന്ന പലിശനിരക്ക് 9% ആയി കുറച്ചു.

3) റിന്യൂവബിൾ സോഴ്സ് ഓഫ് എനർജിക്കു വേണ്ടി ഉപകരണങ്ങൾ സ്ഥാപിക്കുന്ന ടൈനി, എസ്.എസ്.ഐ. മേഖലയിലുള്ള പുതിയതും നിലവിൽ ഉള്ളതുമായ എല്ലാ വ്യവസായ യൂണിറ്റുകൾക്കും 15% അധിക നിക്ഷേപസബ്സിഡി നൽകുന്നു. ഇത് പരമാവധി 5 ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. ഈ സബ്സിഡി സാധാരണ സബ്സിഡിക്ക് പുറമേയുള്ളതാണ്. ഡീസൽ ജനറേറ്ററുകളിൽ മലിനീകരണ നിയന്ത്രണ ഉപകരണങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് 10% അധിക സബ്സിഡി നൽകുന്നു. ഇത് പരമാവധി 25000 രൂപയായിരിക്കും.

4) സാങ്കേതിക വിദ്യ മെച്ചപ്പെടുത്തൽ, നവീകരണം എന്നിവ ഏറ്റെടുക്കുന്നതിന് സെക്ടറിലെ ചെറുകിട വ്യവസായങ്ങൾക്ക് കുറഞ്ഞ ചെലവിൽ ഫണ്ട് ലഭ്യമാക്കുന്നതിനു വേണ്ടി റ്റി.ഡി.എം.എഫ്-ന്റെ പലിശയുടെ ഒരു ഭാഗം ഗവൺമെന്റ് സബ്സിഡിയായി നൽകുന്നതാണ്.

5) എല്ലാ ഇൻഫർമേഷൻ ടെക്നോളജി യൂണിറ്റുകൾക്കും 20% ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകുന്നു. എന്നാൽ പരമാവധി സബ്സിഡി 25 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

6) പട്ടികജാതി, പട്ടികവർഗ്ഗം, വികലാംഗർ, എക്സ്-സർവ്വീസ്മാൻ, വനിതകൾ എന്നീ വിഭാഗത്തിൽപ്പെടുന്ന വ്യവസായ സംരംഭകർ ആരംഭിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് മൂലധനനിക്ഷേപത്തിന്റെ 5% അധിക നിക്ഷേപ സബ്സിഡി നൽകുന്നു. ഇത് പരമാവധി ഒരു ലക്ഷം രൂപയായിരിക്കും.

7) വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന വയനാട്, ഇടുക്കി എന്നീ ജില്ലകളിൽ പ്രത്യേക വ്യവസായ പാർക്ക് സ്ഥാപിക്കുന്നതാണ്. കൂടാതെ പ്രസ്തുത ജില്ലകളിൽ സ്ഥാപിക്കുന്ന ത്രസ്റ്റ് സെക്ടർ യൂണിറ്റുകൾക്ക് 25% ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകുന്നതാണ്. ഇത് പരമാവധി 25 ലക്ഷം രൂപയായിരിക്കും.

8) ചെറുകിട വ്യവസായ സംരംഭകർക്ക് സാങ്കേതികവിദ്യ സംബന്ധിച്ച് അറിവ് നൽകുന്നതിനു വേണ്ടി ജില്ലാ സംസ്ഥാന തലത്തിൽ ടെക്നിക്കൽ കൺസൾട്ടൻസി സെല്ലുകൾ സ്ഥാപിക്കുന്നതാണ്.

വ്യവസായ പിന്നോക്ക ജില്ലകൾ

9 (*384)ശ്രീ. പാലോട് രവി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ശോഭനാ ജോർജ്ജ് :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായങ്ങളുടെ കാര്യത്തിൽ ഏതെല്ലാം ജില്ലകളെയാണ് പിന്നോക്ക ജില്ലകളായി പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) ഈ ജില്ലകളിൽ പുതുതായി വ്യവസായങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം പ്രോത്സാഹനങ്ങൾ നൽകിവരുന്നു;

(സി) ഈ പ്രോത്സാഹനങ്ങൾ നൽകിയിട്ടും ഈ ജില്ലകൾ പിന്നോക്ക ജില്ലകളായി നിലനിൽക്കുന്നതിനുള്ള കാരണം എന്തെന്നു അറിയിക്കുമോ;

(ഡി) ഇതിന് എപ്രകാരം പരിഹാരം കാണാനാണ് ഉദ്ദേശിക്കുന്നത്?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഇടുക്കി, വയനാട് എന്നീ ജില്ലകളെയാണ് വ്യാവസായിക പിന്നോക്ക ജില്ലകളായി പ്രഖ്യാപിച്ചിട്ടുള്ളത്.

(ബി) പുതിയ വ്യവസായ നയത്തിൽ സാധാരണ സബ്സിഡിയിൽ നിന്നും വ്യത്യസ്തമായി ഇടുക്കിയിലും വയനാട്ടിലും സ്ഥാപിക്കുന്ന ത്രസ്റ്റ് സെക്ടർ യൂണിറ്റുകൾക്ക് 25% ഇൻവെസ്റ്റ്മെന്റ് സബ്സിഡി, പരമാവധി 25 ലക്ഷം രൂപയും മറ്റുള്ളവയ്ക്ക് 10% സബ്സിഡിയും പരമാവധി 5 ലക്ഷം രൂപയും നൽകുന്നു.

31.12.98 വരെ പ്രസ്തുത ജില്ലകളിൽ രജിസ്റ്റർ ചെയ്ത യൂണിറ്റുകൾക്ക് കേന്ദ്രസർക്കാർ ആദായ നികുതി നിയമത്തിൽ നിന്നും 5 വർഷത്തേക്ക് ഇളവ നുവദിച്ചിട്ടുണ്ട്. ഇവയുടെ വ്യവസായ പിന്നോക്കാവസ്ഥ മാറ്റുവാൻ വേണ്ടി ഈ ജില്ലകളിൽ ഏർപ്പെടുത്തിയിട്ടുള്ള ഇൻകംടാക്സ് ഹോളിഡേ സൗകര്യം പ്രയോജനപ്പെടുത്തുവാനായി പ്രത്യേക വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതാണ്. ഇതുകൂടാതെ വ്യവസായങ്ങൾക്ക് മറ്റു ജില്ലകളിൽ നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങളും ഈ ജില്ലകളിലും നൽകിവരുന്നു.

(സി) ഈ ജില്ലകളിൽ പ്രത്യേക പ്രോത്സാഹനങ്ങൾ ഏർപ്പെടുത്തിയതിന്റെ ഫലം തിട്ടപ്പെടുത്തുവാൻ സമയമായിട്ടില്ല. മോശപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ഭൂപ്രകൃതിയും പ്രധാന കച്ചവട കേന്ദ്രങ്ങളിൽ നിന്നുള്ള അകലവും മറ്റുമാണ് ഈ ജില്ലകൾ വ്യാവസായിക പിന്നോക്ക ജില്ലകളാകുവാൻ കാരണം.

(ഡി) വിനോദസഞ്ചാര വ്യവസായത്തിന് ഊന്നൽ നൽകി കൂടുതൽ സംരംഭങ്ങൾ ഇവിടെ സ്ഥാപിക്കുന്നുണ്ട്. ആദിവാസികൾക്കു വേണ്ടി പ്രധാനമായും 100 പവർലൂം 100 കൈത്തറി 100 റെഡിമെയിഡ് യൂണിറ്റ് ഉൾപ്പെടെ ഒരു പ്രോജക്ട് ഇവിടെ തുടങ്ങുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. 650 പേർക്ക് നേരിട്ടു തൊഴിൽ ലഭിക്കും. ഇടുക്കിയിലും വയനാട്ടിലും പ്രത്യേക വ്യവസായ പാർക്കുകൾ സ്ഥാപിക്കുമെന്ന് വ്യവസായനയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രധാന നഗരങ്ങളുമായി ബന്ധപ്പെടുത്തി മെച്ചപ്പെട്ട റോഡ്, റെയിൽ ഗതാഗത സൗകര്യമുണ്ടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly